# നിർദ്ദേശങ്ങൾ 2015

# ഭൂമിയുടെ ഉപ്പാകുക

2015 ആഗസ്റ്റ് 9 മുതൽ 16 വരെ നടക്കുന്ന "ഒരു പുതിയ ഐക്യത്തിനു വേണ്ടി ഒത്തുചേരുക" എന്ന ഉൾക്കാഴ്ച്ചയുമായി കഴിഞ്ഞ വർഷവും അതിന് മുൻപും ഞാനും തെയ്സെ കമ്മ്യൂണിറ്റിയിലെ എളിയ സഹോദരന്മാരും അമേരിക്ക, ഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇതിനെ പിന്തുടർന്ന് 2015 ൽ ഓഷ്യാനയും നാം സന്ദർശിക്കും. യുണൈറ്റഡ് സ്റ്റേറ്റസ്, കാനഡ, മെക്സിക്കോ, ഗ്വാട്ടിമാല അതുപോലെ തന്നെ പോർട്ടോറിക്ക, ഹിയാത്തി, ക്യൂബ, ഡൊമിനിക്കൻ റിപ്പബ്ലിക് എന്നിവിടങ്ങളിൽ യുവജനങ്ങളോട് ചേർന്ന് പ്രവർത്തിക്കാനും സാധിച്ചു.

***അമേരിക്കയിലെ യുവാക്കളെ ശ്രവിക്കാം.***

നോർത്ത് അമേരിക്കയിൽ നിന്നും തനതായ അമേരിക്കക്കാർ തെയ്സെയിൽ വരികയും, സൗത്ത് ഡക്കോട്ട എന്ന സ്ഥലത്തെ പൈൻറിഡ്ജ് റിസർവേഷനിൽ വിശ്വാസ തീർത്ഥാടനയാത്രയുടെ ഒരു കൂട്ടായ്മ നടത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. പിന്നീട് ബ്രദർസ് വിവിധ യോഗങ്ങൾക്കായി നോർത്ത് അമേരിക്കയുടെ മറ്റ് പ്രദേശങ്ങളിലേയ്ക്ക് മടങ്ങി. 2014 -ൽ പൈൻ റിഡ്ജിൽ നിന്നുള്ള ഒരു സംഘം തെയ്സെ സന്ദർശിക്കുകയും അതുമായി ഡക്കോട്ട ഇന്ത്യൻസുമായുള്ള ബന്ധം ദൃഢമാക്കുവാനും കഴിഞ്ഞു. ഇതുവഴി വിശ്വാസം പുനർജനിക്കപ്പെട്ടതിൽ ഞങ്ങൾ ആശ്ചര്യപ്പെട്ടു. കാരണം ചരിത്രം പരിശോധിക്കുമ്പോൾ അത് തകർന്നതും വഞ്ചിക്കപ്പെട്ടതും ആണ്.

ലാറ്റിൻ അമേരിക്കയിൽ ബോലിവിയയിൽ 2007 -ലും ചിലിയിൽ 2010-ലും നേരത്തെ തന്നെ യോഗങ്ങൾ നടത്തിയിരുന്നു. 40 വർഷമായി കമ്മ്യൂണിറ്റിയിലെ ചില സഹോദരങ്ങൾ ബ്രസീലിന്റെ വടക്കു കിഴക്കുള്ള സ്ഥലമായ ബാഹിയയിൽ താമസിക്കുന്നു. ലാറ്റിൻ അമേരിക്കയിലെ രാജ്യങ്ങളിൽ അവിടുത്തെ യുവാക്കൾ ക്രിസ്തീയ മതത്തിൽ നിന്ന് പിൻതിരിയപ്പെടുവാൻ നിരവധി സാഹചര്യങ്ങൾ ഉണ്ട്. പക്ഷേ എവിടെയെല്ലാം ഞങ്ങൾ ക്രിസ്ത്യാനികളെ കണ്ടുവോ അവരെല്ലാം ഭൂമിയുടെ ഉപ്പാകാൻ പ്രയത്നിക്കുന്നവർ ആണ്.

മെക്സിക്കോയിലും ഗ്വാട്ടിമാലയിലും ഭൂമിയുടെ ഉപ്പാകുക എന്നാൽ അക്രമവും ലഹരി കടത്തലും ചെയ്യുന്ന Society -കളിൽ സമാധാനത്തിന്റെ വിത്തുകൾ വിതറി അവരെ നന്മയുടെ പാതയിലേയ്ക്ക് തിരികെ നടത്തുക എന്നതാണ്. ഇവർ ഉയർത്തിക്കാട്ടുന്ന സന്തോഷദായകമായ ഒരു വിശ്വാസം എന്തെന്നാൽ ദൈവം എല്ലാവരുടെയും അടുത്തുണ്ട്, പ്രത്യേകിച്ച് ദരിദ്രരായവരുടെ ഇടയിൽ. ലോകത്തിൽ സമാധാനം വളരുവാൻ ഭൂമിയുടെ ഉപ്പാകണം എന്ന ആഹ്വാനത്തോടു കൂടി എല്ലാ ആളുകളെയും സ്വീകരിക്കുവാനും അവരെ നിരന്തരം പ്രോത്സാഹിപ്പിക്കുവാനും എല്ലാ സഭകളും തയ്യാറാവണമെന്നും അവർ ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലണമെന്നും ഒട്ടുമിക്ക ക്രിസ്ത്യാനികളും ആഗ്രഹിക്കുന്നു.

ക്യൂബയിൽ യുവജനങ്ങൾ എകാന്തതയിൽനിന്ന് രക്ഷപ്പെടുവാൻ ആകാംക്ഷാ ഭരിതരായി താല്പര്യമുള്ളവരായി കാത്തിരിക്കുന്നു. അവർ ലോകത്തിന്റെ മറ്റ് കോണുകളിൽ നിന്നുള്ള യുവാക്കളുമായി അടുത്തിടപഴകുവാൻ ആഗ്രഹിക്കുന്നു. അവർക്ക് ഭൂമിയുടെ ഉപ്പാകുക എന്നാൽ ജീവനുള്ള വിശ്വാസം കാത്തു സൂക്ഷിക്കുക എന്നതാണ്.

ഹിയാറ്റിയിൽ, ദൈവത്തിൽ ഉള്ള വിശ്വാസം അവരുടെ വളരെ വലുതായ പ്രയാസങ്ങളെയും വിദ്വേഷങ്ങളെയും അകറ്റാൻ ഭൂമിയുടെ ഉപ്പാകുക വഴി സാധ്യമാക്കുന്നു എന്ന് വിശ്വസിക്കുന്നു. അത് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഒരു യാഥാർത്ഥ്യമായി കാണുവാൻ അവരെ പ്രാപ്തരാക്കുന്നു. 2010 -ൽ ഉണ്ടായ കഠിനമായ ഭൂചലനത്തിനുപോലും ദൈവത്തിൽ നിന്ന് അവരെ അകറ്റുവാൻ സാധിച്ചില്ല.

ലാറ്റിൻ അമേരിക്കയിൽ എല്ലായിടത്തും കണ്ട അതേ കാര്യങ്ങൾ തന്നെ പോർട്ടോറിക്കേയിലും, ഡോമനിക്കൻ റിപ്പബ്ലിക്കിലും ഞങ്ങൾ കണ്ടു. ജീവിത ഞെരുക്കങ്ങളുടെ ഇടയിലും, അന്യായത്തിലും, ധനികനും ദരിദ്രനും തമ്മിലുള്ള വ്യത്യാസത്തിലും കുടിയേറ്റക്കാരുടെ അനിശ്ചിതമായ സാഹചര്യങ്ങളുടെ ഇടയിലും അവർ സന്തോഷം കണ്ടെത്തുന്നു. ഇത് ഞങ്ങളെ കൂടുതൽ വെല്ലുവിളിക്കുകയും ബലപ്പെടു ത്തുകയും ചെയ്യുന്നു. ദൈവത്തിൽ ഉള്ള ആശ്രയം മൂലം ദരിദ്രരുടെ ഇടയിലും സന്തോഷം പരിപാലിക്കപ്പെടുന്നു. ക്രിസ്തുവിൽ സഹോദരീ സഹോദര ന്മാരായി നാം വളരുമ്പോൾ, ഐക്യത്തോടുകൂടിയും, പരസ്പരം ഉത്തരവാദി ത്തോടുകൂടിയും വളരുവാനായിട്ടല്ലാതെ സ്വയം വളരുവാൻ നാം തയ്യാറാവരുത്.

ആഗസ്റ്റ് 16, 2015 -ൽ നടത്തുന്ന ബ്രദർ റോജറുടെ മരണാനന്തര ജീവിതത്തിലേയ്ക്ക് പ്രവേശിച്ചതിന്റെ പത്താം വാർഷികത്തിലും പുതിയ ഒരു ഐക്യത്തിന് വേണ്ടിയുള്ള ഞങ്ങളുടെ സന്ദേശം കൂടുതൽ ആവിഷ് കരിക്കപ്പെടുന്നു. ***ഭൂമിയുടെ ഉപ്പ്*** എന്ന ചിന്താവിഷയം ജീവിതത്തിൽ സ്വായത്തമാക്കാൻ ഉതകുന്ന നാല് നിർദ്ദേശങ്ങൾ.

**പ്രപോസൽസ് 2015 (നിർദ്ദേശങ്ങൾ )**

# ഭൂമിയുടെ ഉപ്പാകുക

## ഒന്നാമത്തെ നിർദ്ദേശം

***സന്തോഷകരമായ ഒരു ജീവിതത്തിന് നാം പങ്കു വയ്ക്കുക***

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് കാരമില്ലാതെ പോയാൽ അതിന് എന്തുകൊണ്ടു രസം വരുത്താം ? ( **മത്തായി 5.13)**

ഭൂമിയുടെ ഉപ്പാകുക എന്നാൽ അത് ദൈവത്തിന്റെ ഒരു വരദാനമാണ്. അത് നാം സന്തോഷത്തോടെ ഇരുകൈകളും ചേർത്ത് സ്വീകരിക്കണം. അതുവഴി നമ്മുടെ ജീവിതത്തിന്റെ സന്തോഷവും സമാധാനവും മറ്റുള്ളവരിലേയ്ക്ക് പകരുവാൻ നമുക്ക് സാധിക്കും. കൂടാതെ നമ്മളെ വിശ്വസിച്ച് കൂടെ നിൽക്കുന്നവരുടെ ജീവിതം നാം സന്തോഷപൂരിതമാക്കുമ്പോൾ നമ്മുടെ ജീവിതവും അർത്ഥപൂർണ്ണമാവുന്നു. നമ്മളുടെ ജീവിതത്തിൽ നിരവധി പ്രയാസങ്ങൾ നേരിടുമ്പോൾ നാം അറിയാതെതന്നെ നമ്മോടു ചോദിച്ചു പോകും "എന്തിന് ഞാൻ ഇങ്ങനെ കഷ്ടപ്പെടുന്നു". അപ്പോൾ നാം ഒരു കാര്യം മാത്രം ഓർക്കുക, ഒരു നുള്ള് ഉപ്പ് മതി സ്വാദ് നൽകാൻ. പ്രാർത്ഥനകളിലൂടെ ദൈവം നമ്മളെ ശ്രവിക്കുന്നതുപോലെ നാം തന്നെ നമ്മളെ ശ്രവിക്കാൻ പഠിക്കണം ദൈവം നമ്മുടെ അഭിരുചികളും കുറവുകളും മനസ്സിലാക്കുന്നു. നമ്മുടെ താല്പര്യങ്ങൾ നിലനിർത്തുക വഴി നമ്മുടെ ആത്മാവും ശരീരവും മനസ്സും കഴിവുകളും ദൈവത്തിന് ഭരമേൽപ്പിക്കപ്പെടുവാൻ സാധിക്കും.

➡ മറ്റുള്ളവരുടെ വളർച്ചയ്ക്കും അതിന്റെ പര്യാപ്തതയ്ക്കും ഉതകുന്നവണ്ണം അവരെ സഹായിക്കുവാൻ നമുക്ക് കഴിയുമോ?

## രണ്ടാമത്തെ നിർദ്ദേശം

*" നിരപ്പിക്കായി സ്വയമെ സമർപ്പിക്കാം "*

ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെ വെച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗ പീഠത്തിന്റെ മുമ്പിൽ വേച്ചേച്ച് ഒന്നാമതു ചെന്നു സഹോദരനോട് നിരപ്പാകുക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക : (**വി. മത്തായി 5: 23–24**)

നമ്മളുടെ എല്ലാം ഉള്ളിൽ ഒറ്റക്കെട്ടായി, ഒരു കുടുംബമായി ജീവിക്കുവാൻ അഭിലാഷം ഉണ്ട്. പക്ഷേ അത് കുടുംബങ്ങളിലോ കൂട്ടുകാരുടെ ഇടയിലോ നഗരങ്ങളിലോ ടൗണുകളിലോ ആവാം രാജ്യങ്ങൾ തമ്മിലോ ഇന്ന് സാധ്യമല്ല.

ക്രിസ്ത്യാനികൾ അനുരജ്ഞനപ്പെട്ടപ്പോൾ കൂടിച്ചേരുവാൻ ആഗ്രഹിക്കുന്നവരുടെ ഇടയിൽ മനുഷ്യത്വത്തിന്റെ അടയാളമായി അവർ മാറി.

അനുരഞ്ജനം ദ്രുതഗതിയിൽ ആവശ്യമുള്ള സാഹചര്യങ്ങൾ ഉത്ഭവിക്കാം നാം ഇതിൽ ഭരമേൽപ്പിക്കപ്പെടുമ്പോൾ, മറ്റുള്ളവർ തെറ്റിദ്ധാരണകളാൽ മൂടിപ്പോകാനുള്ള സാഹചര്യം മനസ്സിലാക്കണം മറ്റുള്ളവർക്ക് നമ്മളിൽ എതിരായിരിക്കാനുള്ള സാഹചര്യം നാം മനസ്സിലാക്കണം.

മുൻകാലങ്ങളിൽ നിന്നുള്ള വെറുപ്പോ വിദ്വേഷമോ നമ്മളിലോ നമ്മുടെ അടുത്ത തലമുറയിലേയ്ക്കോ പകരാതിരിക്കാൻ വി. സുവിശേഷം നമ്മോട് ആഹ്വാനം ചെയ്യുന്നു.

➡ ജീവിതത്തിൽ ഒരേ സങ്കൽപങ്ങളുള്ളവരെയും, ജീവിത രീതിയിൽ സാമ്യം ഉള്ളവരെയും, ഒരേ മതാചാരങ്ങളിലുള്ളവരെയും അതുപോലെ തന്നെ ഒരേ സംസ്ക്കാരത്തിന് വേണ്ടി കാംക്ഷിക്കുന്നവരെയും ഒരേ സാമൂഹ്യപ്രതിബദ്ധത ഉള്ളവരെയും കൂട്ടിമുട്ടിക്കുവാൻ നാം ശ്രമിക്കുമോ?. അതിന് നാം തയ്യാറാകുമോ? നമ്മളെത്തന്നെ മനസ്സിലാക്കാനും, അവരെ സന്ദർശിക്കാനും പശ്ചാത്തപിക്കുവാനും, തെറ്റുകൾ ക്ഷമിക്കുവാനും നാം തയ്യാറാവുമോ?.

## മൂന്നാമത്തെ നിർദ്ദേശം

### *സമാധാനത്തിനുവേണ്ടി പ്രയ്നിക്കുക, അല്ലെങ്കിൽ സമാധാനം സൃഷ്ടിക്കുക*

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ , അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. (**വി. മത്തായി 5:9)**

കലഹങ്ങൾ ഇല്ലാതിരിക്കുന്നതല്ല മറിച്ച് സമാധാനത്തോടെ ഇരിക്കാനാണ് നാം എല്ലാവരും ആഗ്രഹിക്കുന്നത്. അത് ആനന്ദകരമാണ്. അത് ജീവിതത്തിന് ഒരു പൂർണ്ണത നൽകുന്നു. നാം ഉള്ളിൽ ദൈവത്തിന്റെ സമാധാനം സ്വാഗതം ചെയ്യുമ്പോൾ ആ സമാധാനം നമ്മളോട് ചുറ്റുമുള്ളവരോടും സർവ്വസൃഷ്ടികളിലും വ്യാപിക്കും. സമാധാനം ആഗ്രഹിക്കുന്ന നമ്മുടെ ഹൃദയം ദൈവത്താൽ കൂടുതൽ വലയം ചെയ്യുകയും മറ്റുള്ളവർക്ക് വേണ്ടിയുള്ള സഹാനുഭുതി നമ്മളിൽ നിറയുകയും ചെയ്യുന്നു. അതു നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ, നമ്മുടെ വീട്ടിൽ, കുടുംബങ്ങളിൽ, നമ്മുടെ അയൽപക്കങ്ങളിൽ ആതിഥ്യത്തിന്റെയും കരുണയുടെയും ഒരു മനോഭാവം പ്രകടമാകുവാൻ സാധിക്കുന്നു. നീതിയുടെ വേരുകളിൽ സമാധാനം വലിയ തോതിൽ ഉണ്ട്. സുഖസൗകര്യങ്ങളും ദാരിദ്ര്യങ്ങളും നിലനിൽക്കുന്ന സമൂഹങ്ങളിൽ കലാപങ്ങളും ആക്രമണങ്ങളും പൊട്ടിപ്പുറപ്പെട്ടാൽ നാം ആശ്ചര്യപ്പെടുമോ ? നാം നമ്മുടെ സമ്പത്തു പങ്കുവയ്ക്കുന്നതു വഴി സംഘർഷങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുകയും അത് നമുക്ക് ഒരു പുണ്യപ്രവർത്തി ആയിരിക്കുകയും ചെയ്യും. ചില അസോസിയേഷനുകൾ വഴി, ചില കമ്പനികൾ വഴി ചില ആളുകൾ നമ്മുടെ നാട്ടിൽ സമാധാനത്തിന്റെ വിത്ത് വിതയ്ക്കുവാൻ ഉത്തരവാദിത്തോടുകൂടി സമൂഹത്തിലേയ്ക്ക് ഇറങ്ങിവരുന്നു.

➡ സമാധാനത്തോടല്ലാത്ത ജീവിതം നയിക്കുന്ന ഒരാൾക്കുവേണ്ടി മുന്നോട്ട് വരാൻ നമ്മൾക്ക് സാധിക്കുമോ?, പ്രവാസികളെ പ്രത്യേകിച്ച് ശ്രദ്ധിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? അനീതിയുടെ സന്ദർഭങ്ങൾ വിവേചിച്ചറിയാനും കരുതൽ ഇല്ലാത്തവരെ സംരക്ഷിക്കാനും നിങ്ങൾക്ക് സാധിക്കുമോ? സമാധാനത്തിനുവേണ്ടി മറ്റുള്ളവരോട് ചേർന്ന് പ്രാർത്ഥിക്കുവാൻ കഴിയുമോ, ഉദാരഹരണത്തിന് എല്ലാ ഞായറാഴ്ചകളിലും അരമണിക്കൂർ നിശബ്ദനായി ?

## “നാലാമത്തെ നിർദ്ദേശം”

### *നമ്മുടെ ഭൂമിയെ കാത്തു സൂക്ഷിക്കുക*

*സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ ; അവർ ഭൂമിയെ അവകാശമാക്കും. (വി. മത്തായി 5.5)*

സൗമ്യനായ ഒരുത്തനും സ്വയം വഞ്ചിക്കുകയില്ല. അവൻ മറ്റുള്ളവർക്കു വേണ്ടിയും ഇടമുണ്ടാക്കുന്നു. അവൻ ഭൂമിയെ ഒരിക്കലും കുത്തകാവകാശം ആയി അനുഭവിക്കില്ല. സൗമ്യത എന്നാൽ ഒരു പരിത്യാഗം അല്ല മറിച്ച് നമ്മളിൽ തന്നെയുള്ള അക്രമ മനോഭാവം വെടിയുന്നതിന്റെ പ്രചോദനം ആണ്.

ഭൂമി നമ്മുടെ സമ്പത്ത് അല്ല. പക്ഷെ അത് നമ്മളെ ഏല്പിച്ചിരിക്കുന്ന ഒന്നാണ്. അത് നമ്മൾ നോക്കി പരിപാലിക്കണം. നമ്മുടെ ഗ്രഹത്തിന്റെ വിഭവങ്ങൾ പരിമിതികളില്ലാത്തതല്ല. വ്യക്തികൾക്കും സമൂഹത്തിനും വരും തലമുറയ്ക്കും വേണ്ടി ഒത്തുചേരേണ്ട ബാധ്യത നമുക്കുണ്ട്. പ്രകൃതി വിഭവങ്ങൾ നാം ഉപയോഗിക്കുമ്പോൾ തന്നെ ആഗ്രഹങ്ങളും അടിസ്ഥാന ആവശ്യങ്ങളും തമ്മിൽ ഒരു സമതുലനാവസ്ഥ ഉണ്ടായിരിക്കണം.

സുസ്ഥിര വികസനം അനുവദിക്കുന്ന ഒരു ജീവിതം കണ്ടെത്തുവാൻ നമ്മുടെ എല്ലാ കഴിവുകളും ഭാവനയും ക്രിയാത്മകതയും ആവശ്യമാണ്. അത് നമ്മുടെ ദൈനംദിന ജീവിതത്തിൽ കൊണ്ടുവരുന്നതിനോടൊപ്പം ശാസ്ത്ര ഗവേഷണങ്ങളും നമ്മുടെ സമൂഹത്തിന്റെ പുതിയ പദ്ധതികൾക്കായിട്ട് ഉത്തേജിപ്പിക്കുകയും ചെയ്യണം.

നാം ജീവിക്കുന്ന ഈ ജീവിതം അതിന്റെ ദിശ നോക്കാനും അതിൽ കൃത്രിമത്വവും, ആവശ്യമില്ലാത്തതും ആയതിനെ ലഘൂകരിക്കാനും നമുക്ക് ശ്രമിക്കാം. നമ്മുടെ ജീവിതം ലഘൂകരിക്കുന്നത് സന്തോഷത്തിന് കാരണമാവാം. പങ്കിട്ടതിനായി നമുക്ക് എങ്ങനെ സ്ഥലമൊരുക്കാൻ സാധിക്കും. നാം എന്ത് നേടുകയും നല്കുകയും ചെയ്യും. നമ്മെ സൃഷ്ടിച്ച ദൈവത്തെ സ്തുതിക്കുവാൻ നാം മറക്കരുത്. അതിന് ബാക്കിയുള്ള ജീവിതവും ധ്യാനവും ആവശ്യമാണ്.

തെയ്സെ വെബ്സൈറ്റിൽ, ന്യൂസ് ഓഫ് ഇനിഷിയേറ്റീവ്സ് പ്രസിദ്ധീകരിക്കും. നിങ്ങൾക്കും നിങ്ങളുടെ പ്രതിധ്വനികൾ അതിലേയ്ക്ക് സംഭാവന ചെയ്യാം. വിലാസം
echoes@taize.fr

# തെയ്സെ 2015 -ൽ

# പുതിയ ഒരു ഐക്യത്തിനായി

## കമ്മ്യൂണിറ്റിയുടെ 75-ാം വാർഷികം

## ബ്രദർ റോജറുടെ 100-ാം ജന്മദിന വാർഷികം

## (12 മെയ് 1915 - 16 ആഗസ്റ്റ് 2015)

**മെയ് 2015 : -**

യുവതീയുവാക്കളെ പ്രാർത്ഥനയിൽ ഒത്തുചേരാൻ ക്ഷണിക്കുകയും ബ്രദർ റോജറുടെ ഓർമ്മകളെ തിരികെ കൊണ്ടുവരാനും ക്രിസ്തുവിനെ പിന്തുടരാനുള്ള വിളി പ്രാവർത്തികമാക്കാനും നമുക്ക് ഒരുമിക്കാം.

മെയ് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് : പ്രയർ ഓഫ് താങ്ക്സ്ഗീവിംഗിനായി സമീപ പ്രദേശത്തുനിന്നുള്ള ആളുകളെ ക്ഷണിക്കുന്നു.

**സമ്മർ 2015 :**

എല്ലാ ആഴ്ചകളിലും അതായത് ഞായർ മുതൽ അടുത്ത ഞായർ വരെ രാജ്യാന്തര യൂത്ത് അഡൽറ്റ് മീറ്റിംഗുകൾ 2012 മുതൽ ഉള്ള 3 വർഷത്തെ കമ്മ്യൂണിറ്റിയുടെ യാത്രയെ ആസ്പദമാക്കിയും വിവിധ ഭൂഖണ്ഡങ്ങളിലെ ആളുകൾ നയിക്കുന്ന ശില്പശാലകളും.

***മതപരമായ അഭിരുചികളുടെ പ്രസക്തിയെപ്പറ്റി പ്രതിഫലന വാരാന്ത്യം***

**2015 ജൂലൈ 5 മുതൽ 12 വരെ**

സന്യാസ ജീവിതവും മത ജീവിതവും അഥവാ രണ്ടും ഒരേ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്ന ഏതാനും വർഷങ്ങളായി ഇതിനു വേണ്ടി ജീവിതം സമർപ്പിച്ച 40 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരുടെ ഒരു അന്താരാഷ്ട്ര ഒരുമിച്ചുകൂടൽ.

കത്തോലിക്കാ, ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് സഭകൾ, സമൂഹങ്ങൾ, സന്യാസമഠങ്ങളുടെ തലവന്മാരുടെ സഹായത്തോടെ ബ്രദർ റോജറുടെ സുവിശേഷ സംഭാവനയായ " സന്ന്യസിത്ത്വം എന്ന വലിയ വൃക്ഷം" എന്ന ചിന്തയിൽ, അതിൽ തെയ്സെ എന്ന തളിർ നാമ്പിന്റെ സഹായങ്ങളെ ആസ്പദമാക്കിയും പങ്കെടുക്കുന്നവർ മതപരമായ ജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്നു.

***പുതിയ ഒരു ഐക്യദാർഢ്യത്തിനായി യുവാക്കൾ ഒത്തുചേരുന്നു***

**2015 ആഗസ്റ്റ് 9 മുതൽ 16 വരെ**

ബ്രദർ റോജറുടെ ജീവിതത്തെ ഓർക്കുമ്പോൾ ആയിരത്തിലധികം യുവജനങ്ങൾ 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ളവർ തെയ്സെയിൽ ആഗസ്റ്റ് 9 മുതൽ 16 വരെ ഒത്തുചേരുന്നു. നാം ഒത്തൊരുമിച്ച് അദ്ദേഹത്തിന്റെ പൈതൃകം സ്വീകരിക്കാനും ആന്തരിക ജീവിതത്തിനും ഐക്യത്തിനും ഒരു ഉത്തേജനം

ലഭിക്കുവാനും കൂടിചേരാം. ക്രിസ്തീയ നൽവരങ്ങളായ സന്തോഷം, ലാളിത്യം, കരുണ എന്നിവ നമ്മുടെ ജീവിത കാലം മുഴുവനും ആസ്വദിക്കാൻ നാം ക്രിസ്തുവിന്റെ അനുയായികളാവുക.

ഈ ആഴ്ചകളിലുള്ള അവസരങ്ങൾ

1. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങളുമായി ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം.
2. മാനുഷികരും സാർവത്രിക സാഹചര്യത്തെപ്പറ്റിയും ദൈവം എന്തു പറയുന്നു എന്നു ശ്രദ്ധിക്കാം.
3. മനുഷ്യ ഐക്യദാർഢ്യത്തിന്റെ ഉറവിടത്തെപ്പറ്റിയുള്ള ദൈവ സ്നേഹത്തെ കണ്ടെത്താം.
4. നമ്മുടെ സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് മറ്റുവഴികളെപ്പറ്റിയും അത് കൂടാതെ താഴെപ്പറയുന്ന സംഭാഷണങ്ങളും

+ *ഐക്യദാർഢ്യത്തിനായി പ്രവർത്തിക്കുന്ന ആളുകളുമായി പ്രത്യേകിച്ച് അന്താരാഷ്ട്ര സംഘടനകളിൽ*
+ *സഭാ തലവന്മാരുമായി*
+ *മറ്റു മതാനുസാരികളുമായി (മത വിശ്വാസികളുമായി)*
+ *വിവിധ സംസ്ക്കാരത്തിലുള്ള യുവാക്കളുമായി*

ആഗസ്റ്റ് 16 ഞായർ ഉച്ചതിരിഞ്ഞ് : ബ്രദർ റോജറുടെ ഓർമ്മയിൽ സഭാ തലവന്മാരുടെ സാന്നിദ്ധ്യത്തിൽ താങ്ക്സ്ഗീവിംഗ് പ്രയർ.

***<u>ദൈവശാസ്ത്രത്തിൽ ബ്രദർ റോജർ നൽകിയ സംഭാവനകളെപ്പറ്റിയുള്ള ചർച്ച.</u>***

2015 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 6 വരെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ, ഗവേഷകർ, അലക്കിൻ സഭാ പൗരോഹിത്വത്തിൽ ഉൾപ്പെട്ടിരിക്കുന്ന 40 വയസ്സിനു താഴെയുള്ള യുവ ദൈവശാസ്ത്ര പണ്ഡിതന്മാരുടെ അന്തർദ്ദേശീയ സമ്മേളനം. പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ്, കത്തോലിക്ക സഭകളിലെ ദൈവശാസ്ത്ര പണ്ഡിതന്മാർ, വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ തെയ്സെയിൽ ഒത്തുചേർന്ന് ബ്രദർ റോജറുടെ ചിന്തകളിൽ പ്രധാനപ്പെട്ടവയെ ആസ്പദമാക്കി ഒരു ദൈവശാസ്ത്ര പഠനം.

To register and for additional information:
www.taize.fr/2015